# റെഡ് റിബൺ എക്സ്പ്രസ് സന്ദർശനം: സംഘാടന, മാധ്യമ അവാർഡുകൾ നൽകും

തിരുവനന്തപുരം: റെഡ് റിബൺ എക്സ്പ്രസിന്റെ കേരള സന്ദർശനത്തോടനുബന്ധിച്ച് വിവിധ അവാർഡുകൾ നൽകും. മികച്ച രീതിയിൽ റെഡ് റിബൺ എക്സ്പ്രസ് സന്ദർശനം സംഘടിപ്പിക്കുന്ന ജില്ലയ്ക്ക് (റെയിൽവേ സ്റ്റേഷൻ) അമ്പതിനായിരം രൂപയുടെ അവാർഡ് നൽകും. അച്ചടി, ദൃശ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കും ചിത്രത്തിനും ദൃശ്യത്തിനും പ്രത്യേക അവാർഡ് സമ്മാനിക്കും.

അച്ചടി മാധ്യമത്തിലെ മികച്ച റിപ്പോർട്ട്, മികച്ച ഫോട്ടോ, ടെലിവിഷനിലെ മികച്ച റിപ്പോർട്ട്, മികച്ച ദൃശ്യം എന്നിങ്ങനെ നാല് അവാർഡുകളാണ് നൽകുന്നത്. 10,000 രൂപ കാഷ് അവാർഡും പ്രശസ്തിപത്രവും ശിൽപവുമാണ് അവാർഡ്. റെഡ് റിബൺ എക്സ്പ്രസിന്റെ കേരളത്തിലെ പര്യടനവുമായി ബന്ധപ്പെട്ടു പ്രസിദ്ധീകരിക്കുന്ന/ സംപ്രേഷണം ചെയ്യുന്ന മികച്ച റിപ്പോർട്ടുകൾക്കും ചിത്രത്തിനും ദൃശ്യത്തിനുമാണ് അവാർഡ്.

മികച്ച ജില്ലയ്ക്കുള്ള അവാർഡിന് റെഡ് റിബൺ എക്സ്പ്രസ് പര്യടനവുമായി ബന്ധപ്പെട്ടു നടത്തിയ എല്ലാ പ്രവർത്തനങ്ങളും പരിപാടികളും പരിഗണിക്കും. പ്രാദേശിക സംഘാടകരെന്ന നിലയിൽ ജില്ലാ ഭരണകൂടത്തിനായിരിക്കും അവാർഡ് നൽകുക. ഈ തുക എയ്ഡ്സ് നിയന്ത്രണ ബോധവത്കരണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്.